DESPATCHED
On..22/12/21.

19/11/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1945(4)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.13844/എസ്.ഐ.സി–ജി 2/2020)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ഷീബ തോമസ്,
പൈനാടത്ത് വീട്,
അരീക്കൽ റോഡ്,
കറുകുറ്റി പി.ഒ - 683 576.

അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വില്ലേജ് ഓഫീസർ,
തൃക്കാക്കര നോർത്ത്,
എറണാകുളം.

2. അപ്പീൽ അധികാരി &
തഹസീൽദാർ (ഭൂരേഖ),
താലൂക്കാഫീസ്, കണയന്നൂർ.
എറണാകുളം.

എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരി 21.07.2020 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെ 3066/1999 നമ്പർ പ്രകാരമുള്ള വസ്തു സംബന്ധിച്ച ചില വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.11.2021 ൽ എറണാകുളം ടൗൺ ഹാളിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരിക്കുവേണ്ടി ടിയാൾ ചുമതലപ്പെടുത്തിയ ശ്രീ. ജേക്കബ് മാത്യു ഹിയറിംഗിൽ പങ്കെടുത്തു.

3. ഒന്നാം എതിർകക്ഷി ഓരോ ചോദ്യത്തിനും കൃത്യമായ മറുപടി നൽകിയില്ലെന്ന് അപ്പീൽ ഹർജിക്കാരി പറഞ്ഞു. എന്നാൽ ലഭ്യമായ ചില വിവരങ്ങൾ നൽകി എന്ന് ഒന്നാം എതിർകക്ഷിയും പറഞ്ഞു. ഇനി ലഭിക്കാനുള്ള രേഖകൾ നൽകാൻ തയ്യാറാണെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു

4. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരി മുന്നോട്ടുവച്ച ആരോപണങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ വിവരാവകാശ അപേക്ഷയോട് ഗൗരവത്തോടെ പ്രതികരിച്ചിട്ടില്ലെന്നും കമ്മീഷൻ വിലയിരുത്തുന്നു.

5. ഇനിയും ലഭിക്കാനുള്ള രേഖകൾ നൽകാൻ തയ്യാറാണെന്ന് ഹിയറിംഗിൽ ഹാജരായ ഒന്നാം എതിർകക്ഷി പറഞ്ഞ സാഹചര്യത്തിൽ, ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ആയത് പൂർണ്ണമായും സൗജന്യമായി അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്. അതോടൊപ്പം, പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യായിരുന്ന ശ്രീമതി. ഉമ എം. മേനോൻ കൃത്യമായ മറുപടി നൽകാതിരിക്കുകയും, വിവരാവകാശ അപേക്ഷയെ നിസ്സാരമായി കാണുകയും ചെയ്തതിനു നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയതും ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കമ്മീഷന് ലഭ്യമാക്കേണ്ടതാണ്. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ സ്ഥലം മാറി പോവുകയോ, സർവ്വീസിൽ നിന്ന് വിരമിക്കുകയോ

ചെയ്തിട്ടുണ്ടെങ്കിൽ ടിയാളുടെ വിശദീകരണം വാങ്ങി കമ്മീഷന് ലഭ്യമാക്കേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ യ്ക്കായിരിക്കും.

6. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 19.11.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re